No. CEE/4600/2019/KEAM-2020/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## പത്രക്കുറിപ്പ്

## KEAM-2020

# റീഫണ്ടിന് അർഹതയുള്ള വിദ്യാർത്ഥികൾ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഓൺലൈനായി സമർപ്പിക്കണം

2020–21 വർഷം സംസ്ഥാനത്തെ പ്രൊഫഷണൽ ഡിഗ്രി കോഴ്സ് പ്രവേശനവുമായി ബന്ധപ്പെട്ട് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഫീസ് ഒടുക്കിയിട്ടുള്ളവരിൽ റീഫണ്ടിന് അർഹതയുള്ളവർക്ക് തുക ബാങ്ക് അക്കൗണ്ട് വഴി നൽകുന്നതിനുള്ള നടപടിക്രമം ആരംഭിച്ചു. റീഫണ്ട് ലഭിക്കുവാനുള്ള അർഹത കീം പ്രോസ്പെക്ടസ് ക്ലോസ് 12.2.2 വ്യവസ്ഥകൾക്കനുസരിച്ചായിരിക്കും. പ്രോസ്പെക്ടസിലെ ക്ലോസ് 12.2.3 പ്രകാരം താഴെ പറയുന്ന വിദ്യാർത്ഥികൾ റീഫണ്ട് ലഭിക്കുന്നതിന് അർഹരല്ല.

1. എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ എം.ബി.ബി.എസ് കോഴ്സുകളിലേക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തിയ അവസാന ഘട്ട അലോട്ട്മെന്റിലൂടെ അലോട്ട്മെന്റ് ലഭിച്ചിട്ടും പ്രവേശനം നേടാത്തവർ.
2. എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/എം.ബി.ബി.എസ്കോഴ്സുകളിലേക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തിയ അവസാന ഘട്ട അലോട്ടമെന്റ് നടപടികൾ പൂർത്തിയാക്കിയശേഷം വിടുതൽ വാങ്ങിയ വിദ്യാർത്ഥികൾ.
3. 12.12.2020 ലെ CEE/4600/2019/KEAM-2020/TA3 നമ്പർ വിജ്ഞാപനപ്രകാരം എം.ബി.ബി.എസ് കോഴ്സിലേയ്ക്കുള്ള മോപ് അപ് കൗൺസിലിംഗിന് രജിസ്ട്രേഷൻ ഫീസിനത്തിൽ തുക അടയ്ക്കുകയും മോപ് അപ് കൗൺസിലിംഗിന്റെ നിബന്ധനകൾ പാലിക്കാത്തതുമായ വിദ്യാർത്ഥികൾ.

റീഫണ്ട് ലഭിക്കാൻ അർഹതയുള്ള വിദ്യാർത്ഥികൾ **<u>www.cee.kerala.gov.in</u>** എന്ന വെബ്സൈറ്റിലെ **<u>KEAM 2020-Candidate Portal</u>** എന്ന ലിങ്കിൽ ആപ്ലിക്കേഷൻ നമ്പർ, പാസ്സ്‌വേഡ് എന്നിവ നൽകി പ്രവേശിച്ച് **<u>"Submit Bank Account Details"</u>** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് അവരവരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ **19.01.2021 മുതൽ 25.01.2021 വൈകിട്ട് 4.00 മണി** വരെ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഓൺലൈനായി രേഖപ്പെടുത്തി ശരിയാണെന്ന് ഉറപ്പുവരുത്തി <u>Submit</u> ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതാണ്. തുടർന്ന് **<u>Print Bank Details</u>** എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് ഓൺലൈനായി നൽകിയ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ അടങ്ങുന്ന ഒരു സ്ലിപ്പ് വെബ്സൈറ്റിൽ നിന്നും പ്രിന്റൗട്ട് എടുക്കേണ്ടതാണ് ഈ പ്രിന്റൗട്ട് വിദ്യാർത്ഥികൾ ഭാവി ആവശ്യത്തിനായി സൂക്ഷിക്കേണ്ടതാണ്. വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിക്കുന്ന ബാങ്ക് അക്കൗണ്ടിലേയ്ക്ക് റീഫണ്ടിന് അർഹതയുണ്ടെങ്കിൽ തുക ലഭ്യമാക്കുന്നതാണ്. അക്കൗണ്ടിലേയ്ക്ക് റീഫണ്ട് നൽകുന്ന സമയക്രമം പിന്നീട് അറിയിക്കുന്നതാണ്.

<u>കുറിപ്പ്:</u> വിദ്യാർത്ഥി നൽകുന്ന ബാങ്ക് അക്കൗണ്ട് വിദ്യാർത്ഥിയുടേയോ രക്ഷിതാവിന്റെയോ പേരിലുള്ളതായിരിക്കണം. ഓൺലൈനായി സമർപ്പിക്കുന്ന ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ശരിയാണെന്ന് വിദ്യാർത്ഥികൾ ഉറപ്പു വരുത്തേണ്ടതാണ്. സീറോ ബാലൻസ് അക്കൗണ്ട് , ബേസിക്ക് സേവിംഗ്സ് ബാങ്ക് അക്കൗണ്ട്, ടൈനി അക്കൗണ്ട്, ജനപ്രിയ അക്കൗണ്ട് എന്നിവയിൽ നിലവിൽ അക്കൗണ്ട് ഉള്ളവർ റീഫണ്ട് ലഭിക്കുന്നതിനായി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് അവരുടെ അക്കൗണ്ട്